LIBRARY ARCHIVES Kerala Legislative Assembly

മേപ്പയ്യൂർ വില്ലേജിൽ ഭൂനികുതി സ്വീകരിക്കാത്തതിന്മേൽ നടപടി

156 (3904) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയ്യൂർ വില്ലേജിലെ ചില ഭാഗങ്ങളിൽ ഭൂനികുതി സ്വീകരിക്കാത്തത് കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് നികുതി സ്വീകരിക്കാത്തതെന്നും ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) മേപ്പയ്യൂർ വില്ലേജിൽ റീ-സർവ്വേ പ്രവർത്തികൾ പൂർത്തീകരിച്ച് 31-3-2013 മുതൽ റിക്കോർഡുകൾ തയ്യാർ ചെയ്തിട്ടുണ്ട്. എന്നും പോക്കുവരവ് ചട്ടങ്ങൾ 1966 പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചശേഷമാണ് കൈവശക്കാരിൽനിന്നും നികുതി സ്വീകരിക്കുന്നതെന്നും കൊയിലാണ്ടി തഹസീൽദാർ അറിയിച്ചിട്ടുണ്ട്. ആദ്യത്തെ തവണ ഇത്തരത്തിൽ നടപടികൾ സ്വീകരിക്കേണ്ടതിനാലാണ്, കാലതാമസം ഉണ്ടാകുന്നു എന്ന ആക്ഷേപം ഉയർന്നത്. എന്നാൽ, ഇപ്പോൾ നടപടികൾ നിശ്ചിത സമയത്തിനകം തന്നെ പൂർത്തീകരിക്കുകയും ഭൂവുടമകളിൽനിന്നും നികുതി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തിപൂർത്തീകരണ കാലാവധി സംബന്ധിച്ച പുതിയ ഉത്തരവ്

157(3905) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-2015-ന് മുമ്പ് പ്രവൃത്തി ആരംഭിക്കാത്ത വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തികൾ റദ്ദാക്കുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്നാണിറക്കിയിരിക്കുന്നത് എന്ന് പറയാമോ ;

(ബി) ഇപ്രകാരം ഉത്തരവിറക്കിയപ്പോൾ ഏപ്രിൽ ഒന്ന് മുതൽ ഉത്തരവിറക്കിയ തീയതി വരെയുള്ള കാലയളവിൽ ജോലി ആരംഭിച്ച കേസുകളിൽ എന്ത് നടപടി സ്വീകരിക്കണമെന്ന് വ്യക്തമാക്കുന്നുണ്ടോ; ഇത്തരം കേസുകളിൽ എന്താണ് ചെയ്യേണ്ടതെന്നും ജോലി ആരംഭിച്ച കേസുകളിൽ അതുവരെയുണ്ടായ ചെലവുകൾ സർക്കാർ നൽകുമോ എന്നും വ്യക്തമാക്കുമോ ;

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തികൾ ചെയ്തുതീർക്കേണ്ട തീയതികളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം മുൻകൂറായി നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ :

(ഡി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തികൾക്ക് ആവശ്യമായ നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിനുതന്നെ ഒട്ടേറെ ബുദ്ധിമുട്ടുകൾ നേരിടുകയും ജോലി ആരംഭിക്കുന്നതിന് കാലതാമസം വരുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരത്തിൽ ആരംഭിച്ച ജോലികൾക്കുപോലും ചെയ്തുതീർക്കാനുള്ള സമയം നൽകാത്തതരത്തിൽ ഇത്തരത്തിൽ ഉത്തരവിറക്കുന്നതിന്റെ ഉദ്ദേശമെന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും കാലാവസ്ഥാ പ്രശ്നങ്ങൾ മൂലമുള്ള തടസ്സങ്ങളും മൂലം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും കാലതാമസം നേരിടും എന്ന് വ്യക്തമാകുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനും പൂർത്തീകരണത്തിനും കാലയളവ് ദീർഘിപ്പിച്ച് ഉത്തരവുണ്ടാകുമോ ?

ഉത്തരം

(എ) 3-6-2015 തീയതിയിലെ 5054/K1/15/DMD നമ്പർ സർക്കാർ കത്ത് പ്രകാരമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) 31-3-2015-നു മുമ്പായി പൂർത്തീകരിക്കാനാവാത്ത പ്രവൃത്തികളുമായി മുന്നോട്ടു പോകേണ്ടതില്ലെന്ന് 13-2-2015-ൽ തന്നെ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. 31-3-2015-നു മുമ്പ് പ്രവൃത്തി ആരംഭിക്കാത്ത പ്രവൃത്തികൾ 2015 ഏപ്രിൽ ഒന്നു മുതൽ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നില്ല.

(സി) വ്യക്തമായ നിർദ്ദേശം 13-2-2015-ൽ തന്നെ നൽകിയിരുന്നു.

(ഡി) കാലവർഷക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായി തീർന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരമായിരുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കാലാവധി 31-3-2015-ന് അവസാനിച്ചതിനാലാണ് 2015 മാർച്ച് 31-നു മുമ്പായി ആരംഭിക്കാത്ത പ്രവൃത്തികളുടെ ഭരണാനുമതി റദ്ദു ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ 31-3-2015-നു മുമ്പ് ആരംഭിച്ച പ്രവൃത്തികൾ ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി വരെ പൂർത്തീകരണ കാലാവധി പുനഃസ്ഥാപിച്ച് നൽകിയിട്ടുണ്ട്.

(ഇ) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കാലാവധി 31-3-2015-ന് അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത ഫണ്ടുപയോഗിച്ച് പുതിയ പ്രവൃത്തികൾ നടപ്പിൽ വരുത്തുവാൻ കഴിയാത്തതിനാലാണ്, 2015 മാർച്ച് 31-ന് മുമ്പായി ആരംഭിക്കാത്ത പ്രവൃത്തിയുടെ ഭരണാനുമതി റദ്ദു ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. ആയതിനാൽ കാലപരിധി ദീർഘിപ്പിക്കാനും നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly